Santhigiri

ഗുരുവാണി

"ജാതി ഏറ്റവും പ്രബലമായ വൈതരണിയാണ്. സന്ന്യാസിക്കുപോലും ജാതിയിൽ നിന്ന് വിട്ടുനിൽക്കാനായിട്ടില്ല. "

ഉണ്മനിതകം

VOL 05 | ISSUE 30 | 2019 ജൂലൈ 28 | 1194 കർക്കിടകം 12

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# 'നവപൂജിതം 93' പ്രചാരണപരിപാടികൾ ആരംഭിച്ചു

**സ്പിരിച്ചൽ സോൺ** : ഗുരുവിന്റെ 93-ാം ജന്മദിനപൂജിത സമർപ്പണാഘോഷം 'നവപൂജിതം' 2019 സെപ്റ്റംബർ 3 ചൊവ്വാഴ്ച, ചിങ്ങമാസം 18-ാം തീയതി ആഘോഷിക്കും. ശാന്തിഗിരി ആശ്രമം വജ്രജൂബിലി ആഘോഷങ്ങൾ നടന്നുവരുന്ന ഈ വേളയിൽ വിപുലമായ പരിപാടികളാണ് നടത്തുന്നത്. നവപൂജിതം ആഘോഷത്തോടനുബന്ധിച്ചുള്ള 21 ദിവസത്തെ വ്രത സങ്കല്പങ്ങൾ ആഗസ്റ്റ് 14 പൗർണ്ണമി ദിനം മുതൽ ആരംഭിക്കും.

ലോകത്ത് ബ്രഹ്മനിശ്ചയം നടപ്പാക്കുന്നതിനുവേണ്ടി ബ്രഹ്മം തന്നെ ഒരുക്കിയെടുത്ത ഉപാധിയും മാധ്യമവുമാണ് ഈ ഗുരുമാഹാത്മ്യം. പൂർവ്വപരമ്പരകളൊന്നുമായും ബന്ധപ്പെടുത്താതെയും മറ്റ് സിദ്ധാന്തമുറകളെയൊന്നും അറിയിക്കാതെയുമാണ് ഗുരുവിനെ ഒരുക്കിയെടുത്തിരിക്കുന്നത്. എല്ലാ പൂർവ്വാചാര്യന്മാരിലും അടങ്ങിയിട്ടുള്ള സത്തകളെ മുഴുവനുമായി ഗുരുവിൽ ഉൾക്കൊള്ളിച്ച് കാലദേശങ്ങൾക്കതീതമായ വിശാലതയോടുകൂടിയാണ് ഗുരുവിനെ കൊണ്ടുവന്നിരിക്കുന്നത്. കാലദേശങ്ങൾക്കനുസരിച്ച് ചില മാറ്റങ്ങൾ കാണുമെന്നല്ലാതെ കൽപ്പാന്തം വരെ ഈ ഗുരുപരമ്പരയിലൂടെയായിരിക്കും ബ്രഹ്മനിശ്ചയം നടപ്പാക്കപ്പെടുന്നത്. എക്കാലത്തും ഈ ഗുരുപരമ്പരയിൽ അനുഭവയോഗ്യത തികഞ്ഞ ജ്ഞാനികൾ ഉണ്ടായിരിക്കുമെന്നും ബ്രഹ്മം അറിയിച്ചിരിക്കുന്നു.

ഗുരുവിന്റെ വരവിനെ സംബന്ധിച്ച് ബ്രഹ്മത്തിന്റെ വെളിപ്പെടുത്തൽ ഇങ്ങനെ : "ഇത് ഞാൻ എന്റെ ഉദ്ദേശ്യമനുസരിച്ച് ഒന്നും അറിയിക്കാതെ കൊണ്ടുവന്നതാണ്. ഓരോന്നും അറിയിക്കേണ്ട സമയത്തു തന്നെ അറിയിക്കയുള്ളൂ. നേരത്തെ അറിയിച്ചാൽ എന്റെ ഉദ്ദേശ്യത്തോളം നടക്കുകയില്ല. ഇത് വളരെ സാവധാനത്തിൽ മാത്രമേ നടക്കുകയുള്ളൂ. മുൻ ആചാര്യന്മാർക്കൊന്നും ഞാൻ പറയുന്നതു കേൾക്കുക എന്നല്ലാതെ ചോദിച്ചറിയാനുള്ള അവകാശം ഉണ്ടായിരുന്നില്ല. ഈ പരമ്പരയ്ക്ക് മാത്രമാണ് ചോദിച്ചറിയാനുള്ള അധികാരം കൊടുത്തിട്ടുള്ളത്. ഇനിയുള്ള മനുക്കൾക്കും പൂർണ്ണമായ സ്വാതന്ത്ര്യം ഉണ്ടായിരിക്കുന്നതല്ല ബ്രഹ്മത്തിന്റെ കീഴിൽ ഈ പരമ്പരയിൽപ്പെട്ടു മാത്രമേ മനുക്കൾക്ക് ഇനിമേൽ പ്രവർത്തിക്കാൻ കഴിയൂ."

ഗുരു സൗന്ദര്യമാണ്, നിത്യതയാണ്, വിശുദ്ധിയാണ്. അതിനു പ്രകാശിക്കാനും പ്രതിഫലിക്കാനും ശുദ്ധമായ മനസ്സ് അഥവാ മനുഷ്യത്വം വേണം. മനുഷ്യത്വമാണ് ഗുരുവിന് അവരിലേക്കിറങ്ങിച്ചെല്ലാനും അവർക്ക് ഗുരുവിലേക്ക് കയറിപ്പോകാനുമുള്ള അവലംബം. ജന്മസിദ്ധമായ മനുഷ്യത്വത്തെ ശുദ്ധീകരിക്കുക എന്ന ധർമ്മം മാത്രമല്ല ഗുരുവിന്റേത്. ഗുരുവിന്റെ ഹൃദയത്തിൽ സദാ ജ്വലിക്കുന്ന അലൗകിക സ്നേഹം നിറഞ്ഞിരിക്കുന്നു. അത് പരിപൂർണ്ണമായ മനുഷ്യത്വത്തിന്റെ വറ്റാത്ത സാഗരമാണ്. സ്നേഹം രൂപം ധരിച്ച അനുകമ്പയുടെ ആ സാകല്യം മരണത്തിന്റെ അന്ധഹേതുക്കൾക്കു പോലും അവകാശപ്പെട്ടതാണ്.

ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നവപൂജിതം സൗഹൃദക്കൂട്ടായ്മകൾ, ഏരിയ സമ്മേളനം, വിഭവസമാഹരണം, ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ നേതൃത്വത്തിൽ അന്നദാന പദ്ധതി 'സ്നേഹത്തിന്റെ പാഥേയം', പരിസ്ഥിതി സൗഹൃദ പരിപാടികൾ, ജീവകാരുണ്യപ്രവർത്തനങ്ങൾ എന്നിവ നവപൂജിതം ആഘോഷത്തോടനുബന്ധിച്ച് നടക്കും.

ഒരു മാസത്തിലേറെ നീണ്ടു നിൽക്കുന്ന നവപൂജിതം ആഘോഷ പരിപാടികൾ സെപ്റ്റംബർ 20ന് നടക്കുന്ന പൂർണ്ണകുംഭമേളയോടെ സമാപിക്കും.

## കെയർ സർവ്വീസസ്, ശാന്തിഗിരി

**സ്പിരിച്ചൽ സോൺ** : ശാന്തിഗിരി ആശ്രമം ജോയിന്റ്സെക്രട്ടറിയുടെ ഓഫീസിന്റെ ചുമതലയിൽ പ്രവർത്തിക്കുന്ന ശാന്തിഗിരി ഇൻഫർമേഷൻ ടെക്നോളജിയുടെ കീഴിലെ കസ്റ്റമർ കെയർ സെക്ഷൻ 'കെയർ സർവ്വീസസ്, ശാന്തിഗിരി' എന്ന പേരിൽ പുനർനാമകരണം ചെയ്തിരിക്കുന്നു. ചുവടെ ചേർത്തിരിക്കുന്ന ഫോൺ നമ്പറുകളും ഇ-മെയിൽ ഐ.ഡിയും ഉപയോഗിച്ച് ബന്ധപ്പെടാവുന്നതാണ്.

ഫോൺ & വാട്സ് ആപ്പ് നമ്പർ : +91 8111922222
ടോൾ ഫ്രീ നമ്പർ : 18004255777
ഇ-മെയിൽ : careservice@santhigiriashram.org

## ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിൽ ബിരുദദാന ചടങ്ങ് ആഗസ്ത് 6 ന്;

### ജസ്റ്റിസ് ബി.കെമാൽ പാഷ ഉദ്ഘാടനം ചെയ്യും

**ഹെൽത്ത്കെയർ സോൺ** : ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജിലെ പന്ത്രണ്ടാം ബാച്ച് വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് ആഗസ്ത് 6ന് നടക്കും. കോളേജ് ആഡിറ്റോറിയത്തിൽ വച്ച് ഉച്ചയ്ക്ക് 2 മണിക്ക് നടക്കുന്ന ചടങ്ങിന്റെ ഉദ്ഘാടനം ജസ്റ്റിസ് ബി.കെമാൽ പാഷ നിർവഹിക്കും. ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ചടങ്ങിൽ മഹനീയസാന്നിധ്യമാകും. കോളേജ് പ്രിൻസിപ്പാൾ ഡോ. എ.വാസുകിദേവി അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ മാണിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്.സുജാത, ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷൻ ഇൻചാർജ് സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സീനിയർ അഡ്വൈസർ ആന്റ് ഡീൻ ഡോ.വി. അരുണാചലം തുടങ്ങിയവർ സംബന്ധിക്കും.

ബിരുദദാന ചടങ്ങിനു ശേഷം വൈകിട്ട് 5ന് ആരംഭിക്കുന്ന കൾച്ചറൽ സെഷനിൽ നടനും പ്രശസ്ത മോഡലുമായ ഡോ. രാജീവ് പിള്ള മുഖ്യാതിഥിയാകും. ബിരുദദാനചടങ്ങിനോടനുബന്ധിച്ച് ഐഡിയ സ്റ്റാർ സിംഗർ ഫെയിം വില്യം ഐസക് നയിക്കുന്ന ഡാൻ 83 ബാൻഡിന്റെ സംഗീതസന്ധ്യയും ഉണ്ടായിരിക്കും.

2013ൽ ബി.എസ്.എം.എസ് കോഴ്സിനു പ്രവേശനം നേടിയ 44 വിദ്യാർത്ഥികളാണ് സിദ്ധ ബിരുദം നേടിയത്.



*നവപൂജിതം പത്തനംതിട്ട സത്സംഗത്തിൽ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി സംസാരിക്കുന്നു. സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി സമീപം*



# ഗുരുവാണി

ഒരു ഗൃഹസ്ഥാശ്രമിയിൽ നിക്ഷിപ്തമായിരിക്കുന്ന ഏറ്റവും വലിയ കർമ്മം എന്താണ്? ഗൃഹസ്ഥാശ്രമി ഒരു ചിട്ടയോടെ ജീവിച്ച് സ്വന്തം കുട്ടികളെ ഏറ്റവും നന്നായി വളർത്താനുള്ള ഒരു പരിചയവും പ്രയത്നവും ഉണ്ടാക്കി എടുക്കണം. മറ്റൊന്നുമില്ലെങ്കിലും അച്ഛനും അമ്മയും മക്കളും എങ്കിലും ഒരുമയോടെ ജീവിക്കാനുള്ള ഒരു ധാരണയെങ്കിലും വളർത്തിയെടുത്ത് കുട്ടികൾക്കു പ്രദാനം ചെയ്യണം. ആ ധാരണയിൽ അവർക്കു കഴിയുമെങ്കിൽ വളരട്ടെ. അതിന് ഏതെങ്കിലുമൊരു ഉചിതമായ മാതൃക സൃഷ്ടിച്ചെടുത്തേ മതിയാകൂ. അതിനവർക്കു കഴിയണമെങ്കിൽ സ്വയം വളർന്നെത്തിയ ഒരു സംസ്കാരം വേണം.

ഇപ്പോൾ ജനങ്ങൾ ഓരോ ജാതിയായി വളർന്നു നിൽക്കുന്നു. അതുകൊണ്ട് ഓരോ ജാതിയും വലുതാണെന്നു സമർത്ഥിക്കാൻ വെമ്പൽ കൊള്ളുന്ന ഒരു പരിചയമല്ലാതെ മറ്റെന്താണുള്ളത്? ഓരോ ജാതിക്കാരും ഈ വിധം വളരുമ്പോൾ നാട്ടിൽ (ലോകത്ത്) മറ്റൊന്നും വളരാനില്ലല്ലോ! ഇങ്ങനെ വളരെ മ്ലേച്ഛമായ ഒരു സമ്പ്രദായം വളർത്തി സ്വയം നശിച്ച്, ആഗോളമായ നാശത്തിനു കാരണമായിത്തീർന്നു.

അറുന്നൂറിലധികം വർഷമാണ് തിരുവിതാംകൂറിൽ എട്ടുവീട്ടിൽപിള്ളമാരുടെ കാലം. ഇത്രയും വലിയൊരു കാലഘട്ടം ഒരുമിച്ച് ഇവരുടെ കൈയിൽ കിട്ടിയപ്പോൾ, അത് ശൂദ്രവർഗത്തിന് അവകാശപ്പെട്ടു കിട്ടിയതാണെന്നുള്ള അറിവിൽ അത് വിനിയോഗിച്ചിരുന്നെങ്കിൽ നമ്മുടെ നാട്ടിന് ഇത്രയും വലിയ അബദ്ധം വരികയില്ലായിരുന്നു. യുഗധർമ്മത്തിന് അനുസൃതമായി അവർ യാതൊന്നും ചെയ്തില്ല. ആർക്കെങ്കിലും പറയാമോ, ആ നിലയിൽ എന്തെങ്കിലും ചെയ്തിട്ടുണ്ടെന്ന്? അൽപമെങ്കിലും ചിന്തിക്കുന്നവർക്ക് അതുകൊണ്ട് അവരുടെ മാതൃകയെ സ്വീകരിക്കാൻ പോലും കഴിയുകയില്ല. കുറെപ്പേർ യുക്തിവാദികൾ, കുറെപ്പേർ വേദാന്തം പറയുന്ന മുക്തിവാദികൾ. ഇതു രണ്ടിലും സമർത്ഥരായ നിങ്ങളെ അന്യർ അടിച്ചു പുറത്താക്കുന്നു. നിങ്ങൾക്ക് ഒന്നിലും സ്ഥായീഭാവമില്ല. മുക്തിവാദം പറയുന്നവൻ അതിലൊരക്ഷരം പോലും അനുസരിക്കാത്തവൻ. അവനു വേദാന്തംപറച്ചിലല്ലാതെ വേദാന്തത്തിന്റെ പൊരുളുമായി എന്തു ബന്ധം? ഗീതായജ്ഞം തന്നെ എടുക്കുക. ഗീതയിലെ കുറെ ശ്ലോകങ്ങൾ പറയുന്നെന്നല്ലാതെ ആ പറച്ചിലിൽ ഗീതയിലെ ജ്ഞാനത്തിന്റെ എന്തു പൈതൃകമാണുള്ളത്? വൈദ്യം പഠിച്ചാൽ വൈദ്യനായിട്ടു തന്നെ ജീവിച്ചാലേ അർത്ഥമുള്ളൂ.

വേദാന്തം! വെറുതെ മനുഷ്യനെ ഉപദ്രവിക്കാനേ അതു കൊള്ളാവൂ. യുക്തിവാദത്തിൽ ഒന്നിനെക്കുറിച്ചുള്ള വാദവുമില്ല. ഈ ലോകത്തെക്കുറിച്ച് എന്തെങ്കിലുമറിയാത്തവന് എന്തു വാദം? വന്നുവന്ന് പ്രത്യക്ഷവാദം മാത്രമായി അതു തുലഞ്ഞു. ഇതെല്ലാം നമ്മുടെ ബുദ്ധിമോശം കൊണ്ട് വന്നുപോയ അബദ്ധങ്ങളാണ്. ഈ അധഃസ്ഥിതകർമ്മത്തിൽ നിന്നും മാറണമെങ്കിൽ വീട്ടിലുള്ള പെണ്ണു നന്നാകണം. അല്ലെങ്കിൽ ഒരു കർമ്മവും നിവർത്തിക്കാൻ കഴിയുകയില്ല. വീട്ടിൽ ഒരു പെണ്ണു വളർന്നുനിന്നാൽ ആകെ ബുദ്ധിമുട്ടല്ലേ? എങ്ങനെയെങ്കിലും തലയിൽനിന്നും കളഞ്ഞാൽ മതി എന്നാണ്. രണ്ടോ മൂന്നോ പെൺകുട്ടികളുണ്ടെങ്കിൽ തള്ള തന്തയോടു വഴക്കു കൂടും. തമ്മിൽ പറഞ്ഞു പിശകിപ്പോയാൽ നെഞ്ചിലിട്ട് നാലഞ്ചടി - 'ഈ പുര നിറഞ്ഞു നിൽക്കുന്ന പെൺപിള്ളേര് എനിക്കു മാത്രമുള്ളതാണോ?' സംഗതി ശരിയല്ലേ? ഒരമ്മയുടെ നോവാണ് ആ പറഞ്ഞത്. പക്ഷേ വളർത്തേണ്ടതു പോലെ വളർത്തിയിരുന്നെങ്കിൽ, നിൽക്കേണ്ടതു പോലെ നിന്നിരുന്നെങ്കിൽ, എവിടെക്കിടന്നാലും അതിന്റെ വിഷമമുണ്ടാകുമോ? ഈ സംസ്കാരം പകരാൻ നമുക്കു കഴിഞ്ഞിട്ടില്ല. നമ്മൾ വളർന്ന ദോഷം കൊണ്ട് നമ്മുടെ മക്കളെ സൂക്ഷിക്കാനുള്ള അറിവ് ഒരിടത്തുനിന്നും കിട്ടിയില്ല. അച്ഛനു മാന്യമായ ഒരു ജീവിതം നയിക്കാൻ കഴിയുമെങ്കിൽ, ഏറെക്കുറെ മക്കളതനുസരിക്കും. അമ്മയ്ക്കിവിടെ അനുസരിക്കാനും നടത്താനും നടത്തിക്കാനും കഴിഞ്ഞില്ലെങ്കിൽ ആകെ നശിക്കും. അച്ഛൻ മാത്രം നന്നായാൽ ആയില്ല. നന്മയുടെ എല്ലാ ഭാവവും അമ്മ പകർന്നാലേ മക്കളുടെ തികഞ്ഞ അറിവിനും വിനയത്തിനും ഇടമുള്ളൂ. അഥവാ ഒരു പെണ്ണ് നല്ലതായുണ്ടെങ്കിൽ, ഭർത്താവ് കള്ളും കുടിച്ചുകൊണ്ടു വന്ന് വേണ്ടാത്തത് അത്രയും കാട്ടിക്കൂട്ടും. വേണമെങ്കിൽ അവളെയും കുടിപ്പിക്കും. എന്റെ അറിവിൽത്തന്നെ ഇങ്ങനെയുള്ള അനവധി പേരുണ്ട്. ഇവരുടെ മക്കളെയാണ് നന്നാക്കേണ്ടത്. ഈ വിഷയമാണ് പ്രധാനമായും ഗൃഹസ്ഥാശ്രമികൾ ശ്രദ്ധിക്കേണ്ടത്. ഒരൊറ്റ വേദാന്തത്തിന്റെയും ആവശ്യം ഇവിടെയില്ല. അറിവില്ലാത്തവന്റെ മുമ്പിൽ വേദാന്തം വിളമ്പിയാൽ അത് പട്ടിക്കു മുഴുവൻ തേങ്ങ കിട്ടിയതുപോലെയേ ആകൂ. വേദാന്തം ആകാം. പക്ഷേ അതിനെക്കാൾ പ്രധാനം ജീവിതമാണ്.

## വചനദീപ്തി

*ആത്മജ്ഞാനികളെ കാണുന്നത് ഉത്തമം.*
*അവരോടൊപ്പം എപ്പോഴും വസിക്കുന്നത് ആഹ്ലാദകരം.*

**ധർമ്മപദം**

## സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

3.08.2019 – ജ്യോതിപുരം

## യാമപ്രാർത്ഥന

2019 ആഗസ്റ്റ് : 12 AM- 3 AM

# ജന്മാന്തരപ്പടവുകളുടെ സുകൃതധാര

**പ്രകാശപഥം**

ഈ പ്രകൃതിയുടെ മനോഹാരിതവും അനേകം കടലുകൾ കലങ്ങി മറയുന്നതുപോലെയും ശോഭിക്കുന്നതുപോലെയും, കൊടുങ്കാറ്റും പ്രകൃതിയുടെ വികൃതിയും സുന്ദരഭാവങ്ങളും എന്റെ മാംസക്കണ്ണുകൊണ്ടുതന്നെ കാണാൻ കഴിയുന്ന രംഗങ്ങളാണ്. അങ്ങനെ കണ്ടിട്ട് ഞാൻ നോക്കുമ്പോൾ ഗുരു ഒരു വള്ളിക്കുടിലിനടിയിൽക്കൂടി ഒരു തലേക്കെട്ടുമൊക്കെ കെട്ടി ഒരു തോർത്ത് തോളിലും ഇട്ടിട്ട്, ഒരു കൈലി – ആ കൈലിയുടെ നിറം ഇന്നും എന്റെ കണ്ണുകളിൽ ഇപ്പോഴെന്നപോലെ ഇരിക്കുന്നു- ഉടുത്ത് അതീവസുന്ദരനായി ഗുരു നടന്നുവരുന്ന രംഗമാണ് ഞാൻ കാണുന്നത്. അങ്ങനെ കാണുന്ന കാഴ്ചയിൽ ഗുരു എന്താണെന്ന് ഞാൻ മനസിലാക്കുന്ന രംഗത്ത് ഗുരു എന്നോട് സംസാരിക്കുകയാണ്.

മക്കളേ, ഈ വിഷയത്തിൽ നിന്നുംതെറ്റിപ്പോകരുത്. അങ്ങനെ ഗുരുവിന്റെ അനേകമനേകം ജന്മങ്ങൾ ഇങ്ങനെ കണ്ടിട്ട് ഈകുടുംബത്തിന്റേയും ഈ ജീവജാലങ്ങളുടേയും ഇവിടെയിരിക്കുന്ന ഓരോരുത്തരും ആരെന്നും ഇപ്പോൾ നമ്മളിരിക്കുന്ന രംഗങ്ങളും ഞാൻ ഇങ്ങനെ പ്രകൃതിയിൽ കാണുകയാണ്. അങ്ങനെ അനേക ജന്മാന്തരപ്പടവുകളുടെ ഒരു സുകൃതധാരയും നൊമ്പരങ്ങളും എല്ലാംമതിമറന്നു പോകുന്ന അന്തരീക്ഷവും നാം കാണുമ്പോൾ, ഗുരു ആരെന്ന് ലോകത്തോട് വിളിച്ചുപറയേണ്ട ഓമനമക്കളായ നമ്മൾ ഇനിയും നമ്മുടെ ജീവിതം എങ്ങനെ കൊണ്ടുപോകണം, എന്തുപോലെയിരിക്കണം,എന്തായിരിക്കണം നമ്മുടെ സന്ദേശം എന്തായിരിക്കണം നമ്മുടെ ദൗത്യം എന്ന് ഇവിടുന്ന് പോകുമ്പോഴേ നമ്മൾ ഓർത്തിട്ട് "എന്റെ ജീവിതം ബ്രഹ്മനിശ്ചയത്തിന് അടിസ്ഥാനമായ ഒരു ഗുരുസന്ദേശമായി മാറണം. ആ ഗുരുസന്ദേശത്തിൽ സകല ശാസ്ത്രങ്ങളും അലിഞ്ഞു ലയിച്ചിട്ട് ശാസ്ത്രാതീതമായ ഒരു പോക്കിലേക്ക് പോകണം. അതാണെന്റെ ശാസ്ത്രം. അതാണെന്റെ ഗുരു. അതാണെന്റെ ദൈവം. അതാണ് ഞാൻ. ഞാൻ നിന്നിലേക്കും ഞാൻ എന്നിലേക്കും നോക്കുന്ന അവസ്ഥയിൽ നിൽക്കുന്ന ഈ ശാന്തിമഹിമയുടെ രൂപം."

യഥാർത്ഥമായ ഗുരുവിന്റെ പ്രവചനാതീതമായ വാക്കുകളിൽ ഏതെല്ലാം സങ്കല്പവസ്തുക്കൾ ഉണ്ടായിരുന്നു എന്നു നാം ഓരോ നിമിഷവും ഓർത്തോർത്ത് അതിലേക്ക് ലയിക്കാനും അതിന്റെ പ്രവർത്തനകർമ്മങ്ങളിൽ നിഷ്കാമകർമ്മത്തിലേക്ക് കടക്കാനും അങ്ങനെ ചെയ്തെടുക്കുന്ന ഒരു സമൂഹത്തെ വാർത്തെടുക്കാനും, ഗുരുവിന്റെ വാത്സല്യനിധികളായ മക്കൾക്ക് കഴിയണം. അങ്ങനെ കഴിഞ്ഞ് ഗുരു ഏത് ആഗ്രഹിക്കുന്നുവോ അതായിത്തീരാനും ഒരു പ്രാർത്ഥന നമ്മുടെ ഉള്ളിൽ വെച്ചിട്ട് അങ്ങനെ ആകട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുകയും അതുപോലെ തന്നെ നിങ്ങൾ എന്നോടൊപ്പം പ്രാർത്ഥിക്കുന്ന രംഗങ്ങളിൽ ഈ രൂപഭംഗികൾ ഓർത്തിട്ട് എന്തുവേണം, എന്തുവേണ്ട എന്നു ചിന്തിക്കുന്ന രംഗങ്ങളിലേക്ക് ഓർക്കുമ്പോഴും ഇങ്ങനെയുള്ള ദൃഢനിശ്ചയങ്ങളുടെ പോക്കിൽ നമ്മൾ ഒന്നുകൂടി ഓർത്തിട്ട് എന്റെ ഗുരു ദൈവമാണ്, ആ ദൈവം എന്റെ മുന്നിൽ വന്നുനിൽക്കുന്നു എന്നു വിചാരിച്ചുകൊണ്ട് ഓരോ കർമവും ചെയ്യുന്ന രംഗങ്ങളിലേക്ക് പോകണം എന്നു വിചാരിച്ചിട്ടു വേണം നമ്മൾ ഇവിടെനിന്ന് പോകാൻ.

( **'ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ'** അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന് )

# കർമത്തിന്റെ പിൻതുടർച്ചാവകാശവും കാരുണ്യത്തിന്റെ വെളിച്ചവും

ഒരു കാലഘട്ടത്തിന്റെ ആവിർഭാവം മറ്റൊന്നിന്റെ തുടർച്ചയിൽ സംഭവിക്കുന്ന തിരുത്താകുമ്പോൾ അത് പരിണാമപഥത്തിൽ പ്രഭാവിതമായ അനുഭവചരിത്രം ആയിത്തീരുന്നു. ഈ ഒരു ശൈലിയുടെ പ്രാമാണികത വിധിവിഹിതമെന്ന പോലെ ധർമത്തിന്റെ കർമപരമായ നിർവഹണ വിധികളിൽ വ്യാപരിച്ചുനിൽക്കുന്ന കാലപ്രവാഹത്തിലൂടെ ലയിച്ചു ചേർന്നിരിക്കുന്ന കർമഗതികൾ പുരുഷാന്തരങ്ങൾ പിന്നിടുമ്പോഴും അതിന്റെ സ്വാധീനം പിൻ തുടർച്ചാവകാശം പോലെ കൂടെത്തന്നെയുണ്ടാകുന്നു. അത്തരം സ്വാധീനവലയങ്ങൾ ജലത്തിൽ ഓളമെന്ന പോലെ സമഷ്ടിയുടെ ധർമതലങ്ങളിൽ പൂർണമായും പരന്നു വികാസം കൊള്ളുന്നു.

കാരുണ്യോദാരമായ ഭാവങ്ങളാൽ പ്രേരിതമായി, സമസൃഷ്ടിസ്നേഹത്താലും സമഭാവനയാലും സമാശ്ലേഷം ചെയ്യപ്പെട്ടു നിൽക്കുന്ന ധർമത്തിന്റെ നിയമനിഷ്ഠകൾ മാത്രമല്ല, വിനാശകരമായ യുദ്ധങ്ങൾ വരെ കർമഗതികളുടെ സ്വാധീനവലയങ്ങളിൽത്തന്നെ ഉരുത്തിരിഞ്ഞു വന്നിരിക്കുന്നു. ഔദാര്യത്തിലും വൈരനിര്യാതനത്തിലും ഒരുപോലെ മഹത്വം ആരോപിച്ച് ആരാധ്യമെന്നവണ്ണം വിലയിരുത്തപ്പെട്ടു പോരുന്ന കർമമാണ് ചരിത്ര നിർമിതിയെ സ്വാധീനിച്ചു പോന്നിട്ടുള്ളത്. ശരിയെയും തെറ്റിനെയും കുറിച്ച് മാറിമാറിവന്നിട്ടുള്ള മനുഷ്യസങ്കൽപങ്ങളെ നിറം പിടിപ്പിച്ചിരിക്കുന്നത് ഈ ചരിത്രനിർമിതിയിൽ അന്തർഹിതമായിരിക്കുന്ന സംസ്കാരത്തിന്റെ നിർവചനങ്ങളാണ്. യാഥാർഥ്യബോധം അവഗണിക്കപ്പെട്ടപ്പോൾ, സത്യസന്ധത അഭിനയതലത്തിലൊതുങ്ങിയപ്പോൾ, ചിന്താപദ്ധതികളിൽ സത്യാന്വേഷണത്വരയുടെ അഭാവം പ്രകടമായി. സത്യാന്വേഷണങ്ങൾ തന്നെ പ്രഹസനങ്ങളായി. കർമഗതികളുടെ അന്തർധാരയാൽ നിയന്ത്രിതമായ കർമമണ്ഡലം കാലപ്രവാഹത്തിൽ രേഖപ്പെടുത്തിയ പരിണാമത്തിന്റെ എണ്ണിപ്പറച്ചിലുകളിൽ ഒളിഞ്ഞിരുന്ന ബാദ്ധ്യതകൾ ദുരൂഹങ്ങളായിരുന്നു. അപരാധബോധവും മഹത്വവാദവും പാർശ്വവർത്തിത്വം വഹിച്ചു വളർത്തിയ ചിന്താസരണികൾ സംസ്കാരചരിത്രമെന്ന വിശേഷണം വഹിച്ചു വിലസി. വിശ്വാസങ്ങളുടെ,അവിശ്വാസത്തിന്റെ, വിശ്വാസലംഘനങ്ങളുടെ തുടർക്കഥയാണ് ചരിത്രത്തിലുടനീളം കാണപ്പെടുന്നത്. ഈശ്വരവിശ്വാസം, മതവിശ്വാസം, പരസ്പരവിശ്വാസം എന്നിങ്ങനെ പല തലങ്ങളിലാണ് വിശ്വാസം വിത്യസ്തമായിരിക്കുന്നത്. അതുതന്നെ കിടമത്സരങ്ങൾക്കും യുദ്ധങ്ങൾക്കും കാരണമായിട്ടുണ്ട്. മനുഷ്യചരിത്രംതന്നെ ഒരു തരത്തിൽ യുദ്ധങ്ങളുടെ ചരിത്രമായി. ജീവിതത്തെ സമരമായിത്തന്നെ ചിത്രീകരിക്കുന്ന ഭാവനാവിശേഷവും വളർന്നു വന്നിരിക്കുന്ന പശ്ചാത്തലം ഇതാണ്. സംസ്കാരത്തിനു പരിഷ്കാരം എന്ന ജീവനസങ്കൽപമുണ്ടായപ്പോൾ ആത്മീയത്തിന് ആനുഷംഗികഭാവം മാത്രം നൽകപ്പെട്ടതു ചരിത്രത്തിൽ സംഭവിച്ചു പോയ കർമലോപമാണ്. ചരിത്രത്തിനു തിരുത്തും പുതിയ കാഴ്ചപ്പാടും ആവശ്യമായി വന്നിരിക്കുന്നു.

അതിനാൽ, ചരിത്രനിർമിതിയിൽ ആശയപരമായസ്വാധീനം അതു ചെലുത്തുന്നു. സംസ്കാരത്തിനു പരിഷ്കാരം എന്ന ജീവസങ്കൽപമുണ്ടായപ്പോൾ ആത്മീയത്തിന് ആനുഷംഗികഭാവം മാത്രം നൽകപ്പെട്ടതു ചരിത്രത്തിൽ സംഭവിച്ചു പോയ കർമലോപമാണ്. ചരിത്രത്തിനു തിരുത്തും പുതിയ കാഴ്ചപ്പാടും ആവശ്യമായി വന്നിരിക്കുന്നു. അതിനായി ചരിത്രം തന്നെ പുനർനിർമിതി ആവശ്യപ്പെടുന്നു. മാത്രമല്ല, ചരിത്രം ആശയപരമായ പുതുനിർമിതി കാത്തുനിൽക്കുകയും ചെയ്യുന്നു.

ഈ വിധമുള്ള പുനർനിർമിതി മനുഷ്യരാശിയുടെ കർമപരമായ കടമയാണ്. അതിന് നേതൃത്വം നൽകേണ്ടത് സനാതനമായ ആശയത്തിന്റെ വെളിച്ചമാണ്. ആ വെളിച്ചമാണ് ശാന്തിഗിരി മാനവരാശിക്കായി നൽകുന്നത്. അങ്ങനെ യുഗാന്തരകർമങ്ങളുടെ പിൻതുടർച്ചാവകാശം ഏറ്റുവന്നിരിക്കുന്ന മനുഷ്യരാശിക്ക് കാരുണ്യത്തിന്റെ വെളിച്ചം ദൈവദാനമായിരിക്കുന്നു. ആ വെളിച്ചം നമ്മെ നയിക്കുന്നു.



*ശാന്തിഗിരി മധുരം ബേക്കറി യൂണിറ്റ്*

# മധുരമൂറുന്ന മധുരം ബേക്കറി

**ശാന്തിഗിരി മീഡിയാറിലേഷൻസ്**

1988 കാലഘട്ടത്തിൽ ഒരിനം പലഹാരം ഉണ്ടാക്കികൊണ്ട് ഗുരുകാരുണ്യത്തിൽ ചെറുതായി തുടങ്ങിയ സംരംഭമാണ് ഇന്ന് ആശ്രമത്തിന്റെ രുചിക്കൂട്ടുകളുടെ കലവറയായി മാറിയ ശാന്തിഗിരി മധുരം ബേക്കറി. അന്നൊരിക്കൽ ഒരു ഗുരുഭക്ത വളരെ മഹിമയോടെ പ്രാർത്ഥിച്ച് കുറച്ച് പലഹാരങ്ങൾ ഉണ്ടാക്കി ഒരു വട്ടിയിൽ ഗുരുസമക്ഷം സമർപ്പിച്ചു. ഇത് കണ്ട ഗുരു ഒരു വ്യാവസായിക സംരംഭമെന്ന നിലയിൽ വേണ്ടത് ചെയ്യാൻ അന്നത്തെ ചുമതലക്കാരോട് ആവശ്യപ്പെടുകയും അങ്ങനെ ആരംഭിച്ച സംരംഭമാണ് ഗുരു നാമകരണം നിർവഹിച്ച ശാന്തിഗിരി മധുരം ബേക്കറി. ആദ്യ സമയങ്ങളിൽ ആയുർവേദത്തിലെ മരുന്നു കുപ്പികൾ എടുത്ത് വെള്ളം തിളപ്പിച്ച് കഴുകി അണുവിമുക്തമാക്കി അച്ചാറുകൾ, സ്ക്വാഷുകൾ തുടങ്ങിയ ഉൽപ്പന്നങ്ങൾ ആശ്രമത്തിന്റെ തനതു രുചിയിൽ ഗുരുനിർദ്ദേശപ്രകാരം ലഭിച്ച രുചിക്കൂട്ടുകളാൽ നിർമ്മാണം ആരംഭിക്കുകയും ചെറിയതോതിൽ വിശ്വാസികളുടെ ഇടയിൽ വിറ്റഴിക്കുകയും ചെയ്തു. കാലക്രമേണ ബേക്കറിയുടെ രുചി വൈവിധ്യമാർന്ന പലയിനം പലഹാരങ്ങൾ നിർമ്മിക്കുന്നതിൽ എത്തി.

എന്നിരുന്നാലും ഇതിന്റെ സാങ്കേതിക വശങ്ങൾ മനസ്സിലാക്കി നല്ലരീതിയിൽ പ്രവർത്തനം വരണം എന്ന ഉദ്ദേശ്യത്തിൽ ഗുരു അക്കാലത്ത് തന്നെ സർക്കാരിൽ നിന്നുംഇൻഡസ്ട്രീസ് സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ(ഐ.എസ്.ഐ.) ഉദ്യോഗസ്ഥരെ വരുത്തി അന്ന് ആശ്രമ അന്തേവാസികളായിരുന്നവർക്ക് (ഇന്ന് അവർ മിക്കവരും സന്ന്യാസിനിമാരാണ്) ക്ലാസ്സ് എടുപ്പിക്കുകയും അച്ചാറുകൾ, സ്ക്വാഷുകൾ ഇവ നിർമ്മിക്കുന്നതിനുള്ള പരിശീലനം നൽകുകയും ചെയ്തു.

ഭക്ഷ്യവസ്തുക്കളിൽ ലാഭേച്ഛയോടെ ചേർക്കുന്ന മാരകമായ രാസവസ്തുക്കളുടെ അതിപ്രസരത്താൽ എന്തും ഏതും പ്രകൃതിയിൽ നിന്ന് ലഭിക്കുന്നതെല്ലാം തന്നെ കൃത്രിമമായി നിർമിച്ച് മനുഷ്യരാശിയെ ആകമാനം രോഗശയ്യയിലേക്ക് തള്ളിവിടുന്ന പ്രവണത നാം നിരന്തരം മാധ്യമങ്ങളിലൂടെ അറിയുന്നതാണ്. മധുരം ബേക്കറിയിൽ ഗുരു പകർന്നുതന്ന ഭക്ഷ്യസംസ്കാരമാണ് നടപ്പിലാക്കിയിട്ടുള്ളത്.ആയതിനാൽ ഇവിടെ തയ്യാറാക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മയിലോ രുചിയിലോ യാതൊരു വിട്ടുവീഴ്ചയ്ക്കും തയാറല്ല. അതുകൊണ്ട് ഇന്ന് മധുരം ബേക്കറിയുടെ ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ നല്ല വിനിമയമൂല്യമുണ്ട്.

ഇവിടെ തയാറാക്കുന്ന ഭക്ഷ്യവസ്തുക്കളിൽ പ്രാർത്ഥനയുടെ അനുരണനങ്ങൾ അതിന്റെ രുചിഭേദങ്ങളായി പരിണമിക്കുന്നുവെന്ന് മാത്രമല്ല ആ ദൈവകാരുണ്യത്തിന്റെ സ്നേഹസ്പർശം ഓരോ പലഹാരത്തിലും ഉണ്ടെന്നുള്ളത് അനുഭവസാക്ഷ്യമാണ്.

ആശ്രമ ഉദ്യാനത്തിൽ തന്നെയായിരുന്നു ബേക്കറി തുടങ്ങിയത്. അന്ന് അച്ചപ്പവും മുറുക്കും സ്ക്വാഷുമൊക്കെയായി ചെറിയ രീതിയിൽ ബേക്കറി പ്രവർത്തനമാരംഭിച്ചു. ആദ്യം നാലു പേരിൽ തുടങ്ങിയ സംരംഭം ഇന്ന് മുപ്പത് പേരിൽ എത്തി നിൽക്കുന്നു. പ്രവർത്തനങ്ങൾ വിപുലീകരിച്ചതോടെ പുതിയ കെട്ടിടം ഇതിനായി നിർമിച്ചു. പിന്നീട് ഉൽപ്പന്നങ്ങൾ സമയാസമയങ്ങളിൽ ആവശ്യക്കാർക്ക് എത്തിച്ചു നൽകുന്നതിന് രണ്ട് വാഹനങ്ങളും വാങ്ങി. നാലിനം പലഹാരങ്ങൾ ഉണ്ടാക്കി തുടങ്ങിയ ബേക്കറിയിൽ ഇന്ന് എഴുപത്തഞ്ചോളം പലഹാരങ്ങൾ നിർമ്മിക്കുന്നു. മറ്റ് വിപണന കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന ഓർഡർ അനുസരിച്ച് അപ്പപ്പോൾ പലഹാരങ്ങൾ ചെയ്തു നൽകുന്നു. ഒരിക്കൽ വിൽപ്പന നടത്തിയവ ഒന്നും തന്നെ നിശ്ചിത സമയപരിധി കഴിഞ്ഞ് തിരിച്ചെടുത്ത് മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റി വിൽക്കുന്ന രീതി ബേക്കറിയിൽ ഇല്ല. പലഹാരങ്ങൾ ഭക്ഷണപദാർത്ഥങ്ങളാകയാൽ അത് കഴിക്കുന്നവർക്ക് ഒരു ദോഷവും സംഭവിച്ചു കൂടാ. ശുദ്ധവും വിശ്വസ്തവും ആയ സാഹചര്യത്തിൽ തയാറാക്കുന്ന ഭക്ഷ്യവസ്തുക്കൾ ലാഭത്തിന് വേണ്ടി മാത്രം വിപണിയിലെത്തിക്കുന്നില്ല. ഗുരു നിർദ്ദേശിച്ചിട്ടുള്ള രുചിരഹസ്യങ്ങൾ അണുവിട തെറ്റാതെ തങ്ങൾ പാലിക്കുന്നു എന്ന് മധുരം ബേക്കറിയുടെ ചുമതല വഹിക്കുന്ന ജനനി വിനയ ജ്ഞാന തപസ്വിനി പറയുന്നു.

മധുരം ബേക്കറിയിൽ മിക്ചർ - നാലുതരം, പക്കാവട - മൂന്നുതരം, ലഡു - നാലുതരം, അച്ചപ്പം, ചിപ്സ്, റസ്ക്, ഡയമണ്ട് രണ്ടുതരം, പ്യാരി, കട്‌ലറ്റ്, സമോസ, പിസ, പഫ്സ്, ബർഗർ, സാന്റ് വിച്ച്, പഴം പൊരി, ഇലയട, ബിസ്ക്കറ്റ് നാലുതരം, അവലോസുപൊടി, അരിയുണ്ട, അവലോസുണ്ട, ഉണ്ണിയപ്പം, ബ്രഡ്, കാരി, പോപ്പ്കോൺ, കുഴലപ്പം, മടക്കുസാൻ, റോസ്റ്റഡ് കപ്പലണ്ടി, ബൂന്തി, നെയ്യപ്പം, കിണ്ണത്തപ്പം, വെജ് റോൾ, ഡോനട്സ്, ദിൽക്കുഷ്, ശർക്കരപുരട്ടി, ക്രീം ബൺ, വിവിധ തരം കേക്കുകൾ, അച്ചാറുകൾ, സ്ക്വാഷുകൾ തുടങ്ങിയവ നിർമ്മിച്ചു വരുന്നു. ഇതു കൂടാതെ ഓർഡർ ലഭിക്കുന്നതിനനുസരിച്ച് സാധനങ്ങൾ ചെയ്തു കൊടുക്കാറുണ്ട്.

ശുദ്ധമായ അന്തരീക്ഷത്തിൽ തിരികൊളുത്തി പ്രാർത്ഥിച്ച് ഗുരുസ്മരണ നിലനിർത്തികൊണ്ട് യാതൊരു മായവും കലർപ്പുമില്ലാതെ പരിശുദ്ധമായ രീതിയിലാണ് ഓരോ ദിവസവും പാചകം തുടങ്ങുന്നത്. ഇത്രയും വർഷങ്ങളായി ശാന്തിഗിരി മധുരം ബേക്കറിയുടെ ഉൽപ്പന്നങ്ങളുടെ വിപണി വിശ്വസ്തതയ്ക്ക് കാരണവും ഇതു തന്നെയാണ്.ഗുരുകാരുണ്യം കൊണ്ടാണ് എല്ലാം നടക്കുന്നത് എന്ന് ഏവരും ഒരേ സ്വരത്തിൽ പറയുന്നു.

# 'പ്രകാശത്തിന്റെ കനൽവഴികൾ' ഷോർട്ട് ഫിലിംഫെസ്റ്റിവലിലേക്ക്

**എഡ്യൂക്കേഷൻ സോൺ**: ഗോൾഡൻ ടാലന്റ്, ഖത്തർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന കേരളീയം എന്നിവ ചേർന്ന് നടത്തുന്ന വേൾഡ് മലയാളം ഷോർട്ട് ഫിലിംഫെസ്റ്റിവലിൽ ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ മീഡിയ ക്ലബ്ബ് നിർമ്മിച്ച് അദ്ധ്യാപിക ബിന്ദു നന്ദനയും വിദ്യാർത്ഥികളും ചേർന്ന് തയ്യാറാക്കിയ'പ്രകാശത്തിന്റെ കനൽവഴികൾ' മത്സരവിഭാഗത്തിൽ പ്രദർശിപ്പിക്കും. സ്കൂൾ അദ്ധ്യാപകനായ രാജേഷ് അമ്പാടിയാണ് സംഗീതം നൽകിയിരിക്കുന്നത്.

എം. ഗോപകുമാർ തിരക്കഥയെഴുതി ബിന്ദു നന്ദന ഗാനരചനയും സംവിധാനവും നിർവ്വഹിക്കുന്ന കുറിച്ചിടാത്തൊരു കണക്കുപുസ്തകം എന്ന ഹ്രസ്വചിത്രവും മത്സരവിഭാഗത്തിലുണ്ട്. സംവിധായകൻ രഞ്ജി പണിക്കർ, നിർമ്മാതാവ് ജി.സുരേഷ്കുമാർ, ഡോ. എം.എൻ.സി.ബോസ്, കേരളീയം പ്രസിഡന്റ് എസ്. ദുർഗ്ഗാ ദാസ് തുടങ്ങിയവരാണ് ഫെസ്റ്റിവെലിന്റെ ഉപദേശക സമിതിയിലുള്ളത്. എൻ.എഫ്.ഡി.സി. സെൻസർ ബോർഡംഗം അനിൽ പ്ലാവോട്, സംവിധായകരായ കെ.മധു, ടി.എസ്.സുരേഷ് ബാബു,സന്തോഷ് സൗപർണ്ണിക, സി.വി.അഖിലേഷ് എന്നിവരാണ് ജൂറി അംഗങ്ങൾ. ആഗസ്റ്റ് 2,3,4 തീയതികളിൽ തിരുവനന്തപുരത്ത് നടക്കുന്ന ഫെസ്റ്റിൽ വിദ്യാർത്ഥികൾക്കും പങ്കെടുക്കാവുന്നതാണ്.



*'കുറിച്ചിടാത്തൊരു കണക്കുപുസ്തകം' ഹ്രസ്വചിത്രത്തിന്റെ സ്വിച്ച്ഓൺ കർമ്മം എ.ജി. സരോജനി അമ്മ നിർവഹിക്കുന്നു*

# സുഭാഷിതം

**സ്പിരിച്വൽ സോൺ** : ശാന്തിഗിരി ആശ്രമം, ഹ്യൂമൻ റിസോഴ്സസ് സീനിയർ ജനറൽ മാനേജർ ഡോ.കെ.ആർ.എസ്. നായർ അവതരിപ്പിക്കുന്ന സുഭാഷിതം ആകാശവാണി തിരുവനന്തപുരം, ആലപ്പുഴ, കവരത്തി നിലയങ്ങൾ ആഗസ്റ്റ് മാസത്തിലെ ആദ്യ നാല് ശനിയാഴ്ചകളിൽ (3,10,17,24) രാവിലെ 5.55ന് പ്രക്ഷേപണം ചെയ്യും. 'ഏകം സത്‌വിപ്രാബഹുധാവദന്തി' എന്നതിൽ ഊന്നിയ മതാതീത ആത്മീയത, ഗുരുവാണി ഉദ്ധരിച്ചു കൊണ്ടുള്ള 'മാതൃഭാവം കുന്തിയിലും ഗാന്ധാരിയിലും', 'ബോധവത്ക്കരിക്കപ്പെട്ട പൗരത്വം', 'കനലും കരിക്കട്ടയും' (സത്സംഗ മഹത്വം) എന്നിവയാണ് പ്രഭാഷണ വിഷയങ്ങൾ. രാത്രി 11.05ന് പുനഃപ്രക്ഷേപണം ഉണ്ടായിരിക്കും.



# ഗുജറാത്ത് ബി.ജെ.പി. ആസ്ഥാനത്ത് സ്വാമി ഗുരുരത്നം ജ്ഞാനതപസ്വിക്ക് സ്വീകരണം

**ഗാന്ധിനഗർ :** ശാന്തിഗിരി ആശ്രമം ഗുജറാത്തിൽ ആരംഭിക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി അവിടം സന്ദർശിച്ചു. ഗുജറാത്ത് ബി.ജെ.പി. ആസ്ഥാനമായ ശ്രീകമലത്തിലെത്തിയ സ്വാമിക്ക് സംസ്ഥാന പ്രസിഡന്റ് ജിത്തുഭായി വഗാനിയുടെ നേതൃത്വത്തിൽ ഊഷ്മളമായ സ്വീകരണം നൽകി. ഗുജറാത്തിൽ ആശ്രമം ആരംഭിക്കുന്ന പദ്ധതികളെക്കുറിച്ച് സ്വാമി അവരോട് വിശദീകരിക്കുകയും നവപൂജിതം ആഘോഷവേളയിൽ പങ്കെടുക്കുന്നതിന് ക്ഷണിക്കുകയും ചെയ്തു.



*സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി ഗുജറാത്ത് ബിജെപി സംസ്ഥാന കാര്യാലയത്തിൽ പ്രസിഡന്റ് ജിത്തു വഗാനിയോടൊപ്പം*



*മന്ത്രി ഗണപത്ഭായി വാസവയെ സന്ദർശിക്കുന്നു*

ഗുജറാത്ത് വനം ആദിവാസിക്ഷേമ വകുപ്പ് മന്ത്രി ഗണപത്ഭായി വാസവയെ സന്ദർശിച്ച സ്വാമി ഗുജറാത്ത് ഗവൺമെന്റുമായി ചേർന്ന് നർമ്മദ നദീതീരത്ത് ആരംഭിക്കാനുദ്ദേശിക്കുന്ന ഹോളിസ്റ്റിക് വില്ലേജിനെക്കുറിച്ച് ചർച്ച നടത്തി. വ്യവസായ സ്ഥാപനങ്ങളുടെ പരിസരത്ത് താമസിക്കുന്ന രോഗഗ്രസ്തരായ ഗ്രാമവാസികൾക്ക് ആയുർവേദ സിദ്ധ ചികിത്സയിലൂടെ ആശ്വാസം പകരുന്നതിനാണ് ഈ വില്ലേജ് സ്ഥാപിക്കുന്നത്. തുടർന്ന് സംസ്ഥാന വിദ്യാഭ്യാസ തീർത്ഥാടനവകുപ്പ് മന്ത്രി വിഭാവരിബെൻ ദാവെയെ സന്ദർശിച്ച് നൈപുണ്യവികസന പദ്ധതിപ്രകാരം ഗുജറാത്തിലെ യുവതീയുവാക്കൾക്ക് പരിശീലനം നൽകുന്നതിന് പഞ്ചകർമ്മ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിനെക്കുറിച്ചും ചർച്ച നടത്തി. മുൻ എം.പി.യും ഗുജറാത്ത് മന്ത്രിയുമായിരുന്ന ദിലീപ് സംഗാനിയേയും സ്വാമി സന്ദർശിച്ചു. ഗുജറാത്തിലെ മലയാളി വ്യവസായി അഭിലാഷ് മുരളീധരൻ, ഡോ.കിരൺ, ഹരീഷ് റാം എന്നിവർ സ്വാമിയോടൊപ്പമുണ്ടായിരുന്നു.

നർമ്മദാ നദീതീരത്തെ ലോകത്തിലെ ഏറ്റവും വലിയ പ്രതിമയായ ഏകതാ പ്രതിമയുടെ പരിസരത്തുള്ള 5000 ഏക്കറോളം വരുന്ന സ്ഥലം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഓഫീസിന്റെ മേൽനോട്ടത്തിൽ വികസിപ്പിച്ചുകൊണ്ടിരിക്കുകയാണ്. ഇവിടെ രണ്ടര ഏക്കർ സ്ഥലത്ത് വെൽനസ് ക്ലിനിക് സ്ഥാപിക്കുന്നതിന് ഗുജറാത്ത് ഗവൺമെന്റുമായി ശാന്തിഗിരി ആശ്രമം ഇതിനകം തന്നെ ധാരണാപത്രം ഒപ്പു വച്ചിരുന്നു.



*മന്ത്രി വിഭാവരിബെൻദാവെയെ സന്ദർശിക്കുന്നു*



*മുൻ എം.പി. ദിലീപ് സംഗാനിയെ സന്ദർശിക്കുന്നു*


ഗുരുചരണം ശരണം

**സമ്പൂർണ്ണ ഗുരുവാണി**

**ഒന്നാംവാല്യം നവപൂജിതത്തിന് പ്രസിദ്ധീകരിക്കുന്നു**

**മുഖവില 700 രൂപ – നവപൂജിത ദിവസം 500 രൂപയ്ക്ക് പുസ്തകം ലഭിക്കും**

**ആശ്രമം പബ്ലിക്കേഷൻസ് കൗണ്ടറിൽ ബുക്കിംഗ് ആരംഭിച്ചിരിക്കുന്നു**

OMEGA
BOUTIQUE
DRESS DESIGNING & STITCHING

സ്ത്രീകളുടേയും കുട്ടികളുടേയും ഇഷ്ടാനുസരണം
വസ്ത്രങ്ങൾ മികച്ച രീതിയിൽ ഡിസൈൻ ചെയ്യുകയും
കൃത്യനിഷ്ഠയോടെ തയ്ച്ചു കൊടുക്കുകയും ചെയ്യുന്നു
ലേഡീസ് റെഡിമെയ്ഡ് വസ്ത്രങ്ങളുടേയും
പുതുപുത്തൻ മോഡലുകളുടേയും
കമനീയ ശേഖരം വളരെ കുറഞ്ഞ നിരക്കിൽ

ബാങ്ക് ഓഫ് ബറോഡയ്ക്ക് സമീപം, ശാന്തിഗിരി പി.ഒ., പൂലന്തറ,
പോത്തൻകോട്, തിരുവനന്തപുരം - 695589
ഫോൺ : 9746969755

MARUTI SUZUKI ARENA

SOUTH PARK



SOUTHPARK MARUTI
N.H. Bypass Road, Chackai, Anayara P.O.
Thiruvananthapuram 695029
Phone : 0471-3050000, Mob: 9544040001





Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala